A

GI 605

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് : 6

സമയം: 2 മണിക്കൂർ

ആകെ പോയിന്റ് : 30

---

**അധ്യാപകർക്കുള്ള നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 30. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

**പ്രവർത്തനം - 1**

പഠനനേട്ടം - അധികാര കേന്ദ്രമാകാൻ ഡൽഹിയെയും, പൂനെയെയും സഹായിച്ച ഭൂമിശാസ്ത്ര ഘടകങ്ങൾ വിശകലനം ചെയ്യുന്നു.

എ. 1. യമുനാ നദിയും, നർമദ-താപ്തി നദിയും യഥാക്രമം ഡൽഹിയുടെയും മറാത്തയുടെയും ജലസേചനവും, ഫലഭൂയിഷ്ഠതയും മെച്ചപ്പെടുത്തി

2. ആരവല്ലി പർവ്വതവും, വിന്ധ്യാ സത്പുര പർവ്വതവും ഈ രണ്ടു പ്രദേശങ്ങളെയും മറ്റു പ്രദേശങ്ങളിൽ നിന്ന് വേർതിരിച്ചു.

3. ഈ പർവതനിരകൾ ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിച്ചു.

(ഭൂപടങ്ങളുടെയും മറ്റു വിവരസ്രോതസ്സുകളുടെയും സഹായത്താൽ ഈ വിവരങ്ങൾ അധ്യാപിക കണ്ടെത്തിയിട്ടുണ്ടാവുമല്ലോ) സ്കോർ (3)

ബി. ശിവജി സ്കോർ (1)

സി. ഔറംഗസേബ് സ്കോർ (1)

(ചിത്രങ്ങളിലൂടെയും ഐ.സി.റ്റി സാധ്യതയിലൂടെയും ഇവരെ പരിചയപ്പെടുത്തിയിട്ടുണ്ടാവാം)

**പ്രവർത്തനം - 2**

പഠനനേട്ടം - ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന വിവിധ അധികാരകേന്ദ്രങ്ങളെപ്പറ്റി വിശദീകരിക്കുന്നു.

എ. 1. വിജയനഗരത്തിൽ ധാരാളം തുറമുഖങ്ങൾ ഉണ്ടായിരുന്നു.

2. രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഫലഭൂയിഷ്ഠവും പതിവായി കൃഷി ഇറക്കുന്നതുമായിരുന്നു.

3. സുശക്തമായ ഒരു സൈന്യം വിജയനഗരത്തിന് ഉണ്ടായിരുന്നു. സ്കോർ (3)

ബി. ഹരിഹരൻ, ബുക്കൻ സ്കോർ (2)

(ഐ.സി.റ്റിയും, ചിത്രങ്ങളും ഉപയോഗിച്ച് ഇവരെ പരിചയപ്പെടുത്തിയിട്ടുണ്ടാവുമല്ലോ!)

**പ്രവർത്തനം-3**

പഠനനേട്ടം: ചരിത്ര സ്രോതസ്സ് എന്ന നിലയിൽ യാത്രാവിവരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു.

എ. 1. ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാർക്ക് നൽകി

2. ജലസേചന സൗകര്യങ്ങൾ ഒരുക്കി

3. വിത്തുകൾ വിതരണം ചെയ്തു

4. നികുതി ഇളവുകൾ നൽകി സ്കോർ (4)

ബി. ജാഗിർദാരി സ്കോർ (1)

(ചർച്ചാ സൂചകങ്ങളുടെ വിശകലനത്തിലൂടെ ആശയ രൂപീകരണം ക്ലാസ് മുറിയിൽ നടത്തിയിട്ടുണ്ടാവുമല്ലോ? അതിന്റെ അടിസ്ഥാനത്തിൽ ചർച്ചാകുറിപ്പ് തയ്യാറാക്കിയിട്ടുണ്ടാവുമല്ലോ)

**പ്രവർത്തനം 4**

പഠന നേട്ടം :മധ്യകാല ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക ജീവിതം വിശകലനം ചെയ്യുന്നു.

എ. ബർണിയർ — സ്കോർ (1)

ബി. 1. ജാതി, ഉദ്യോഗം, സമ്പത്ത് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ആണ് സാമൂഹിക പദവികൾ നിർണയിച്ചിരുന്നത്.

2. രാജാക്കൻമാർ, പ്രഭുക്കൻമാർ, പുരോഹിതൻമാർ, ഉദ്യോഗസ്ഥർ എന്നിവർ ഉയർന്ന പദവികൾ അലങ്കരിച്ചിരുന്നു.

3. കൈത്തൊഴിലുകളിലും കൃഷിയിലും ഏർപ്പെട്ടിരുന്നവർ സമൂഹത്തിലെ താഴെത്തട്ടിലുള്ളവർ ആയിരുന്നു.

4. ഓരോ ജാതിയിൽപ്പെട്ടവർക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു.

(സമാനമായ മറ്റു സൂചകങ്ങളും പരിഗണിക്കാവുന്നതാണ്.

ചർച്ചാ സൂചകങ്ങളും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചാകുറിപ്പ് തയ്യാറാക്കിയിട്ടുണ്ടാവുമല്ലോ?) — സ്കോർ (4)

**പ്രവർത്തനം: 5**

പഠന നേട്ടം : കേരളത്തിലെ കാർഷിക, ഭൂവിനിയോഗത്തിലുണ്ടായ മാറ്റം വിശദീകരിക്കുന്നു.

എ. കൃഷിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ല് പരിഗണിക്കാം. — സ്കോർ (1)

ബി. 1. കൃഷിയോടുള്ള താൽപര്യക്കുറവ്

2. കായികാധ്വാനശേഷി കുറഞ്ഞു

3. ജീവിത ശൈലീ രോഗങ്ങൾക്ക് അടിമയായി

4. ഉപഭോഗ സംസ്കാരം വർദ്ധിച്ചു

5. അശാസ്ത്രീയമായ ഭൂവിനിയോഗം

6. നഗരവത്ക്കരണവും മാലിന്യനിർമ്മാർജ്ജനപ്രശ്നങ്ങളും

(സമാനമായ മറ്റ് സൂചകങ്ങളും പരിഗണിക്കാവുന്നതാണ്.) — സ്കോർ (4)

**പ്രവർത്തനം 6**

പഠനനേട്ടം : ഉത്പാദന ഘടകങ്ങളായ ഭൂമി, തൊഴിൽ മൂലധനം, സംഘാടനം എന്നിവയുടെ സവിശേഷതകൾ വിവിധ മാർഗ്ഗങ്ങളിലൂടെ അവതരിപ്പിക്കുന്നു.

1. എല്ലാ പ്രകൃതി വിഭവങ്ങളും (ഭൗമോപരിതലം, ഭൗമാന്തരീക്ഷം, ഭൗമാന്തർഭാഗം) ഉൾപ്പെടുന്നു.

2. ഭൂമിയിലെ കര എന്ന ഉല്പാദനഘടകം വർദ്ധിപ്പിക്കാനാവില്ല.

3. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് ചലിപ്പിക്കാൻ ആവില്ല.

4. കരഭാഗത്തിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാം

5. ഉല്പാദന ഘടകം എന്ന നിലയിൽ ഭൂമിയുടെ പ്രതിഫലമാണ് പാട്ടം

(ഏതെങ്കിലും മൂന്നെണ്ണം പരിഗണിച്ചാൽ മതി. — സ്കോർ (3)




(2)